പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2674 **28-10-2026-ൽ മറുപടിയ്ക്ക്**

സീതാർകുണ്ട് ഡൈവേർഷൻ സ്കീം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. പ്രേമൻ ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) ബജറ്റിൽ തുക വകയിരുത്തിയിട്ടുള്ള സീതാർകുണ്ട് ഡൈവേർഷൻ സ്കീമിന്റെ പദ്ധതിനിർവ്വഹണം വേഗത്തിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

മറുപടി: പാലക്കാട് ജില്ലയിലെ ചുള്ളിയാർ അണക്കെട്ടിലെ ജലലഭ്യത വർദ്ധിപ്പിക്കുന്നതിനായി, സമീപത്തെ സീതാർകുണ്ട് പുഴയിൽ നിന്നും വർഷക്കാലത്തെ ജലം തിരിച്ചുവിടാനുമാണ് പദ്ധതി കൊണ്ട് വിഭാവനം ചെയ്തിരിക്കുന്നത്. ഇതിനായി അത്തിക്കുണ്ട് എന്ന സ്ഥലത്ത് 2 മീ. ഉയരവും 30 മീ നീളവുമുള്ള ഒരു വിയർ നിർമ്മിക്കുവാനും, 3.390 കി. മീ. പൈപ്പുകൾ വഴി പലകപ്പാണ്ടി പദ്ധതിയിലെ കനാലുകളിൽ, എത്തിക്കുവാനും, തുടർന്ന് ചുള്ളിയാർ അണക്കെട്ടിൽ എത്തിക്കുവാനുമാണ് വിഭാവനം ചെയ്തിരിക്കുന്നത്.

പ്രസ്തുത പദ്ധതിക്ക് വേണ്ടി അത്തിക്കുണ്ട് മുതൽ ചുള്ളിയാർ അണക്കെട്ട് വരെയുള്ള കനാലിന്റെ Topographical Survey, Coastal Engineering Division, KERI 2020ൽ പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ Pre-Feasibility Report തയ്യാറാക്കുന്നതിനായി 06/08/2020 ന് ചീഫ് എൻജിനിയർ (ജലസേചനവും ഭരണവും) യുടെ ഉത്തരവ് പ്രകാരം, ജെ. ഡബ്ലു. ആർ ഡിവിഷൻ, കോഡിനേറ്റർ ആയിട്ടുള്ള, 14 അംഗങ്ങൾ അടങ്ങിയ ഒരു Technical Team രൂപീകരിച്ചിരുന്നു. 2022-ൽ പദ്ധതിയുമായി ബന്ധപ്പെട്ട Preliminary Study Report for Prefeasibility Report തയ്യാറാക്കുകയുണ്ടായി.

എന്നാൽ ടീം അംഗങ്ങൾ പലരും സ്ഥലം മാറിയതും, വിരമിച്ചു പോയതും നിമിത്തം, പ്രസ്തുത റിപ്പോർട്ട് പുന:പരിശോധിക്കാനും, ആയതിന്റെ Recommendations & Remarks സമർപ്പിക്കുന്നതിനുമായി, ഡയറക്ടർ, KERI യുടെ നേതൃത്വത്തിൽ 14 അംഗങ്ങൾ അടങ്ങിയ ഒരു Technical Team-നെ 04.03.2024-ൽ പുന:സംഘടിപ്പിക്കുകയുണ്ടായി. പദ്ധതിയുടെ ജലലഭ്യത പരിശോധിക്കുന്നതിനായി, Technical Team 01/10/2024-ന് പദ്ധതി പ്രദേശവും, Rain Gauge Station-നുകളും സന്ദർശിക്കുകയുണ്ടായി. ഇതിന് ശേഷം Technical Team സമർപ്പിച്ച പദ്ധതിയുടെ 2025-ലെ പുതുക്കിയ കരട് റിപ്പോർട്ട് പ്രകാരം Feasible ആയി തിരിച്ചു വിടാനുള്ള ജലലഭ്യത തെക്ക് പടിഞ്ഞാറൻ കാലവർഷത്തിൽ നിന്നും ലഭ്യമല്ല എന്ന് വിലയിരുത്തുകയുണ്ടായി.

ജിയോളജിക്കൽ, ഹൈഡ്രോളജിക്കൽ സംബന്ധിച്ചുമുള്ള കാരണങ്ങളാൽ സീതാർക്കുണ്ട് പദ്ധതിയിലൂടെ, ചുള്ളിയാർ ഡാമിലെ ജലലഭ്യത ഉറപ്പാക്കുന്നത്, ലഭ്യമായ Report പ്രകാരം പ്രായോഗികമല്ല എന്നാണ് പ്രാഥമികമായി വിലയിരുത്തുന്നത്.

പദ്ധതിയുടെ weir നിർമ്മാണം, പൈപ്പ് ലൈൻ, Tank എന്നിവയുടെ നിർമ്മാണം, തുടങ്ങി ഭൂരിഭാഗം പ്രവൃത്തികളും വനമേഖലയിലാണ് സ്ഥിതി ചെയ്യുന്നത്. വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ പ്രകാരം പ്രസ്തുത സ്ഥലം പദ്ധതിക്ക് അനുയോജ്യമാണോ എന്നറിയുവാൻ പ്രസ്തുത സ്ഥലത്ത് ബോർഹോൾ എടുക്കേണ്ടതും ജിയോളജിക്കൽ പഠനം നടത്തേണ്ടതുണ്ട്. ഇപ്രകാരമുള്ള പ്രവർത്തികൾ നടത്തുന്നതിന് മുന്നോടിയായി ഫോറസ്റ്റ് ക്ലിയറൻസ് /വൈൽഡ് ലൈഫ് ക്ലിയറൻസ് എന്നിവ ആവശ്യമാണ്. ഈ സാഹചര്യത്തിൽ സീതാർക്കുണ്ട് പദ്ധതി പ്രായോഗികമല്ല.

(ബി) പ്രസ്തുത പദ്ധതിയുടെ സാധ്യതാപഠനത്തിനായി വിദഗ്ധ സമിതി പുനഃസംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

മറുപടി: മറുപടി (എ) പിരിവിൽ ചേർത്തിട്ടുണ്ട്.

(സി) സമിതി പുനഃസംഘടിപ്പിക്കുന്നത് സംബന്ധിച്ച ഫയൽ നിലവിൽ ഏത് ഓഫീസിലാണ് തീർപ്പാകാതെയുള്ളതെന്ന് ഫയൽ നമ്പർ സഹിതം വിശദമാക്കാമോ;

മറുപടി: മറുപടി (എ) പിരിവിൽ ചേർത്തിട്ടുണ്ട്.

(ഡി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് നിലവിൽ ഏതെങ്കിലും ഓഫീസുകളിൽ നടപടികൾ തടസ്സപ്പെട്ടുനിൽക്കുന്നുണ്ടോ; എങ്കിൽ, ഇത് പരിഹരിച്ച് തുടർനടപടികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

മറുപടി: മറുപടി (എ) പിരിവിൽ ചേർത്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ